(സി) മുഖ്യ അലോട്ട്മെന്റുകളിലെന്നപോലെ മെരിറ്റും, സംവരണ മാനദണ്ഡങ്ങളും അടിസ്ഥാനമാക്കിയായിരിക്കും സി.ബി.എസ്.ഇ. വിദ്യാർത്ഥികളുടെയും പ്ലസ് വൺ പ്രവേശനം നടത്തുന്നത്.

ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്രവേശനത്തിന് തടസ്സം

68 (5203) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയതലത്തിൽ കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ളതും കേരളത്തിൽ നിയമാനുസൃതമായി നടത്തിവരുന്നതുമായ സി.ബി.എസ്.ഇ. സ്കൂളുകളിൽ നിന്ന് 10-ാം ക്ലാസ്സ് ജയിച്ചുവരുന്ന വിദ്യാർത്ഥികളെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 11-ാം ക്ലാസ്സിൽ മറ്റു കുട്ടികളോടൊപ്പം പ്രവേശിപ്പിക്കാതിരിക്കുന്ന നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സർക്കാരിന്റെ നിർദ്ദേശമായിരുന്നോ ;

(സി) എങ്കിൽ ഇങ്ങനെയൊരു നിർദ്ദേശം കൊടുക്കാനുള്ള കാരണം വ്യക്തമാക്കുമോ ;

(ഡി) സർക്കാരിന്റെ നിർദ്ദേശപ്രകാരമല്ലെങ്കിൽ പ്രസ്തുത നടപടിയെ കുറിച്ച് അന്വേഷണം നടത്താൻ തയ്യാറാവുമോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) സി.ബി.എസ്.ഇ. തുടങ്ങിയ ദേശീയ തലത്തിലുള്ള ബോർഡുകളുടെ പരീക്ഷകൾ പാസ്സായ വിദ്യാർത്ഥികൾക്കുകൂടി പ്ലസ് വൺ പ്രവേശനം ലഭിക്കുന്നകാര്യം ഉറപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ ഹയർ സെക്കണ്ടറിയാക്കി ഉയർത്തിയ സ്ക്കൂളുകൾ

69 (5204) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിൽ എത്ര ഹൈസ്ക്കൂളുകൾ ഹയർ സെക്കണ്ടറിയാക്കി ഉയർത്തി എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിലെ എത്ര ഹയർ സെക്കണ്ടറി സ്ക്കൂളുകളിൽ അധിക ബാച്ചുകൾ അനുവദിച്ചു ; ഏതെല്ലാം ; വിശദാംശം ലഭ്യമാക്കുമോ ;

(സി) പാലക്കാട് ജില്ലയിൽ ഹയർ സെക്കണ്ടറി സ്ക്കൂൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾ ഏതെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽപ്പെട്ട വിവിധ ഹയർ സെക്കണ്ടറി സ്കൂളുകളിലായി വിവിധ വിഷയങ്ങൾക്ക് എത്ര ഹയർ സെക്കണ്ടറി സീറ്റുകൾ ഉണ്ട് ;

(ഇ) 2010 മാർച്ച് മാസത്തെ എസ്.എസ്.എൽ.സി. പരീക്ഷയിൽ മണ്ഡലത്തിൽ നിന്നും എത്ര കുട്ടികൾ ഉപരിപഠന യോഗ്യത നേടിയിട്ടുണ്ട് ;

(എഫ്) അതിൽ എത്ര കുട്ടികൾ ഹയർ സെക്കണ്ടറി പ്രവേശനത്തിന് ഓപ്ഷൻ നൽകുകയുണ്ടായി ;

(ജി) എത്ര കുട്ടികൾക്ക് പ്രവേശനം നൽകി ;

(എച്ച്) പ്രവേശനം ലഭിക്കാത്തവർ എത്ര ;

(ഐ) പ്രവേശനം ലഭിക്കാത്തവർക്ക് ഉപരിപഠന സൗകര്യം ലഭ്യമാക്കുന്നതിനായി മണ്ഡലത്തെ ഹൈസ്കൂളുകളെ ഹയർ സെക്കണ്ടറി സ്കൂൾ ആയി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) 2010 ജൂലൈ 19-ാം തീയതി വരെയുള്ള കണക്കനുസരിച്ച് നാല് സ്കൂളുകൾ.

(ബി) 28 സ്കൂളുകളിൽ അധികബാച്ചുകൾ അനുവദിച്ചു. അവയുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) നാഗലശ്ശേരി, പട്ടിത്തറ, കൊപ്പം, അംഗനങ്ങാടി, ലക്കിടി പേരൂർ, തൃക്കടീരി, തച്ചമ്പാറ, തച്ചനാട്ടുകര, പുത്തൂർ, കൊടുമ്പ്, കോരളശ്ശേരി, മുണ്ടൂർ, കുഴൽമന്ദം, മാത്തൂർ, നല്ലേപ്പള്ളി, വടവന്നൂർ, അയിലൂർ, നെല്ലിയാമ്പതി, എലവഞ്ചേരി, പല്ലശ്ശന, പുതുക്കോട്, തരൂർ, വണ്ടാഴി, കണ്ടമ്പ്ര, പൊൽപ്പുള്ളി എന്നീ ഗ്രാമ പഞ്ചായത്തുകളിൽ ഹയർ സെക്കന്ററി സ്കൂളുകൾ ഇല്ല.

(ഡി) ആകെ 1350 സീറ്റുകൾ.

(ഇ) നിയമസഭാ നിയോജകമണ്ഡലത്തിന്റെ അടിസ്ഥാനത്തിൽ എസ്.എസ്.എൽ.സി. റിസൾട്ട് തയ്യാറാക്കാറില്ല. റവന്യൂ ജില്ല അടിസ്ഥാനത്തിലും വിദ്യാഭ്യാസ ജില്ല അടിസ്ഥാനത്തിലുമാണ് റിസൾട്ട് തയ്യാറാക്കുന്നത്.

പാലക്കാട് റവന്യൂ ജില്ലയിൽ 2010 മാർച്ചിൽ ആകെ 32760 കുട്ടികളാണ് ഉപരിപഠന യോഗ്യത നേടിയത്. പാലക്കാട് റവന്യൂ ജില്ലയിൽ ഒറ്റപ്പാലം, പാലക്കാട് എന്നീ വിദ്യാഭ്യാസ ജില്ലകളാണുള്ളത്. പാലക്കാട് വിദ്യാഭ്യാസ ജില്ലയിൽ 20287 പേരും ഒറ്റപ്പാലം വിദ്യാഭ്യാസ ജില്ലയിൽ 12473 പേരുമാണ് ഉപരിപഠന യോഗ്യത നേടിയത്.

(എഫ്) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ വിവിധ സർക്കാർ/എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ നിന്ന് ആകെ 2930 വിദ്യാർത്ഥികൾ ഏകജാലക രീതിയിൽ പ്രവേശനത്തിന് ഓപ്ഷനുകൾ നൽകിയിട്ടുണ്ട്.

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

(ജി) അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികളിൽ 1063 പേരാണ് നിയോജക മണ്ഡലത്തിലെ സ്കൂളുകളിൽ പ്രവേശനം നേടിയത്.

(എച്ച്) നിയോജകമണ്ഡലത്തിലെ എയ്ഡഡ് സ്കൂളുകളിലെ മാനേജ്മെന്റ് കാട്ട സീറ്റുകളിലെയും അൺ എയ്ഡഡ് സ്കൂളുകളിലെയും പ്രവേശനം സംബന്ധിച്ച വിവരം ലഭ്യമായിട്ടില്ലാത്തതിനാൽ പ്രവേശനം ലഭിക്കാത്തവരുടെ കൃത്യമായ എണ്ണം കണക്കാക്കാനാവില്ല.

(ഐ) മലബാർ മേഖലയിൽ പുതിയ ഹയർ സെക്കന്ററി സ്കൂളുകൾ അനുവദിക്കുന്നതിന് പാലക്കാട് ജില്ലയെയും പരിഗണിച്ചിട്ടുണ്ട്.

പ്ലസ് വൺ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചതിനെ തുടർന്നുണ്ടായ ബുദ്ധിമുട്ടുകൾ

70 (5205) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്ക്കൂളിൽ പ്ലസ് വൺ ക്ലാസ്സിലേക്ക് പരമാവധി എത്ര വിദ്യാർത്ഥികൾക്കുവരെ പ്രവേശനം നൽകാനാണ് സർക്കാർ അനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ ;

(ബി) അംഗീകൃത അൺ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളിൽ 2010-11-ൽ പ്ലസ് വൺ പ്രവേശനത്തിന് 20% സീറ്റ് വർദ്ധിപ്പിച്ചാൽ ഒരു ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികൾ എത്രയാക്കുമെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്ലസ് വൺ ക്ലാസ്സിൽ കുട്ടികളുടെ എണ്ണം വർദ്ധിച്ചത് കാരണം പുതിയ പാഠ്യപദ്ധതി പഠിക്കാനും, പഠിപ്പിക്കാനും വിദ്യാർത്ഥികളും അദ്ധ്യാപകരും അനുഭവിക്കുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദീകരിക്കുമോ ;

(ഡി) ഒരു പ്ലസ് വൺ ക്ലാസ്സിലെ വിദ്യാർത്ഥികളുടെ എണ്ണം 50-ൽ നിജപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ ഒരു കോഴ്സിന് അനുവദിച്ചിരിക്കുന്ന കുട്ടികളുടെ എണ്ണം 50 ആണ്. എന്നാൽ 2010-2011 സ്കൂൾ വർഷത്തേയ്ക്ക് എല്ലാ സർക്കാർ സ്കൂളുകളിലും 20% സീറ്റ് വർദ്ധനവും ആവശ്യപ്പെടുന്ന എയ്ഡഡ്, അൺഎയ്ഡഡ് സ്കൂളുകൾക്ക് 20% സീറ്റ് വർദ്ധനവും അനുവദിച്ചിട്ടുണ്ട്.

(ബി) അംഗീകൃത അൺ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ 20% സീറ്റ് വർദ്ധിപ്പിച്ചാൽ ഒരു ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം 60 ആകും.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

മി. സ്പീക്കർ : അനുകൂലിക്കുന്നവർ 24

പ്രതികൂലിക്കുന്നവർ 12

നിഷ്പക്ഷത പാലിക്കുന്നവർ.....ആരുമില്ല

പ്രമേയം പാസ്സാക്കിയിരിക്കുന്നു.

ഓർഡർ.... ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും 26-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2010 ജൂലൈ മാസം 26-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നനായി സഭ ഉച്ചയ്ക്ക് ശേഷം 12.30-ന് പിരിഞ്ഞു.)

അനുബന്ധം 1

[നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ചോദ്യം നമ്പർ 69 (5204)]

അധിക ബാച്ചുകൾ അനുവദിച്ച സ്കൂളുകളുടെ പേരു വിവരം

1. ജി.എച്ച്.എസ്.എസ്., പത്തിരിപ്പാല, 1 ബാച്ച്.
2. ജി.എച്ച്.എസ്.എസ്.,കോഴിപ്പാറ, 1 ബാച്ച്.
3. ജി.എച്ച്.എസ്.എസ്, കടമ്പൂർ, 2 ബാച്ച്.
4. ജി.എച്ച്.എസ്.എസ്., കൊടുവായൂർ, 2 ബാച്ച്.
5. ജി.എച്ച്.എസ്.എസ്., തോളന്നൂർ, 1 ബാച്ച്.
6. ജി.എച്ച്.എസ്.എസ്., അഹളി, 1 ബാച്ച്.
7. ജി.എച്ച്.എസ്.എസ്., ആലത്തൂർ, 2 ബാച്ച്.
8. ജി.എച്ച്.എസ്.എസ്., ബിഗാബസാർ, 2 ബാച്ച്.
9. പി.എം.ജി.എച്ച്.എസ്.എസ്., പാലക്കാട്, 2 ബാച്ച്.
10. ജി.എച്ച്.എസ്.എസ്., കൊടുവായൂർ, 2 ബാച്ച്.
11. ജി.എച്ച്.എസ്.എസ്., എടവണ്ണ, 1 ബാച്ച്.
12. ജി.എച്ച്.എസ്.എസ്., കാരക്കുറിശി, 1 ബാച്ച്.
13. ജി.എച്ച്.എസ്.എസ്., ആലത്തൂർ, 1 ബാച്ച്.
14. ജി.എച്ച്.എസ്.എസ്., നിറമരുതൂർ, 2 ബാച്ച്.
15. ജി.എച്ച്.എസ്.എസ്., ചിറ്റൂർ, 1 ബാച്ച്.

LIBRARY ARCHIVES Kerala Legislative Assembly

16. ജി.എച്ച്.എസ്.എസ്., മുതലമട, 2 ബാച്ച്.

17. ജി.എച്ച്.എസ്.എസ്., വണ്ണമട, 1 ബാച്ച്.

18. ജി.എച്ച്.എസ്.എസ്., പട്ടാമ്പി, 1 ബാച്ച്.

19. ജി.എച്ച്.എസ്.എസ്., എടത്തനാട്ടുകര, 2 ബാച്ച്.

20. ജി.എച്ച്.എസ്.എസ്., കഞ്ചിക്കോട്, 1 ബാച്ച്.

21. ജി.എച്ച്.എസ്.എസ്., ചെർപ്പുളശ്ശേരി, 3 ബാച്ച്.

22. ജി.എച്ച്.എസ്.എസ്., പൊറ്റശ്ശേരി, 1 ബാച്ച്.

23. ജി.എച്ച്.എസ്.എസ്., എരുമയൂർ, 2 ബാച്ച്.

24. ജി.എച്ച്.എസ്.എസ്., എലപ്പുള്ളി, 1 ബാച്ച്.

25. ജി.എച്ച്.എസ്.എസ്., നടുവട്ടം, 2 ബാച്ച്.

26. ജി.എച്ച്.എസ്.എസ്., നെന്മാറ, 2 ബാച്ച്.

27. ജി.എച്ച്.എസ്.എസ്., ഒറ്റപ്പാലം, 2 ബാച്ച്.

28. എം.എൻ.കെ.എം.എച്ച്.എസ്.എസ്., പുലാപ്പറ്റ, 1 ബാച്ച്.

അനുബന്ധം II

[23-7-2010-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 76 (5220) ദയവായി കാണുക]

ഉന്നത വിദ്യാഭ്യാസം: സാമൂഹ്യ നീതിയും ഗുണനേന്മയും ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ

ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിലുള്ള പ്രവർത്തനങ്ങൾ

ഉന്നത വിദ്യാഭ്യാസ രംഗത്ത് സാമൂഹ്യ നീതിയും ഗുണമേന്മയും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു.

1. ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് ഫണ്ട്

ഉന്നത വിദ്യാഭ്യാസ കൗൺസിൽ നടപ്പാക്കുന്ന ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് സ്കീമിന്റെ ഔപചാരികമായ ഉദ്ഘാടനം പ്രധാനമന്ത്രി ഡോ. മൻമോഹൻസിങ് 2010 ജനുവരി മാസം 3-ന് നിർവ്വഹിച്ചു.

LIBRARY ARCHIVES Kerala Legislative Assembly